# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

RCS/3018/2018-EB(1) തിരുവനന്തപുരം, തീയതി, 06.03.2018

website: www.cooperation.kerala.gov.in

e-mail: keralarcs@gmail.com

വിഷയം: സഹകരണ വകുപ്പ് - ജീവനക്കാര്യം-സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ/ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്കുള്ള - സ്ഥലംമാറ്റം - ചുമതല കൈമാറുന്നതിനും, ഏറ്റെടുക്കുന്നതിനും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാമർശം:
1. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) ടെ 15.03.2017 ലെ ഇ.എ(4) 8504/2017/ കെ.ഡിസ് നമ്പർ ഉത്തരവ്.
2. പെരുമ്പാവൂർ ഗവൺമെന്റ് സർവ്വന്റ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 131 ഭരണസമിതിയുടെ 09.12.2017 ലെ ഒൻപതാം നമ്പർ തീരുമാനം.
3. എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ) 20.01.2018 ലെ ഇ 152/2018 നമ്പർ കത്ത്.
4. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) ടെ 05.03.2018 ലെ ഇ.എ(4) 61326/2018/ കെ.ഡിസ് നമ്പർ ഉത്തരവ്.

..........

പെരുമ്പാവൂർ ഗവൺമെന്റ് സർവ്വന്റ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 131 - ൽ കെ.എസ്.ആർ. പാർട്ട് I ചട്ടം 144 പ്രകാരം അനുവദിച്ചിട്ടുള്ള അസിസ്റ്റന്റ് രജിസ്ട്രാർ/സെക്രട്ടറി തസ്തികയുടെ കാലാവധി പരാമർശം (1) പ്രകാരം 07.03.2018ന് അവസാനിക്കുകയും, പരാമർശം (2) പ്രകാരം ടി തസ്തിക സീനിയർ ഇൻസ്പെക്ടർ/സെക്രട്ടറി തസ്തികയാക്കി മാറ്റുന്നതിന് സംഘം ഭരണ സമിതി തീരുമാനിച്ചിട്ടുള്ള വിവരം പരാമർശം (3) പ്രകാരം എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ) അറിയിക്കുകയും ചെയ്തിട്ടുണ്ട്. ടി സാഹചര്യത്തിൽ പെരുമ്പാവൂർ ഗവൺമെന്റ് സർവ്വന്റ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 131-ലെ അസിസ്റ്റന്റ് രജിസ്ട്രാർ/സെക്രട്ടറി തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി. റീത്ത. കെ.റ്റി. യെ പരാമർശം (4) പ്രകാരം അനുവദിച്ചിട്ടുള്ള അയിരൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2237 - ൽ അസിസ്റ്റന്റ് രജിസ്ട്രാർ/സെക്രട്ടറി തസ്തികയിലേക്ക് സ്ഥലം മാറ്റി നിയമിച്ച് ചുവടെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

പെരുമ്പാവൂർ ഗവൺമെന്റ് സർവ്വന്റ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 131 - ൽ അസിസ്റ്റന്റ് രജിസ്ട്രാർ/സെക്രട്ടറി തസ്തികയിൽ സേവനമനുഷ്ഠിച്ച

വരുന്ന ശ്രീമതി. റീത്ത. കെ.റ്റി. യെ അയിരൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2237 – ൽ അസിസ്റ്റന്റ് രജിസ്ട്രാർ/സെക്രട്ടറി തസ്തികയിലേക്ക് സ്ഥലം മാറ്റി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ശ്രീമതി. റീത്ത. കെ.റ്റി. വഹിച്ചു വരുന്ന തസ്തികയുടെ ചുമതല പെരുമ്പാവൂർ ഗവൺമെന്റ് സർവ്വന്റ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റിന്റെ നിർദ്ദേശാനുസരണം കൈമാറേണ്ടതും, നിയമിക്കപ്പെട്ട തസ്തികയുടെ ചുമതല അയിരൂർ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റിന്റെ നിർദ്ദേശാനുസരണം ഏറ്റെടുക്കേണ്ടതുമാണ്.

ഈ ഉത്തരവിന് അടിയന്തിര പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ടി ഉദ്യോഗസ്ഥ വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറിയതിന്റെയും, നിയമിക്കപ്പെട്ട തസ്തികയുടെ ചുമതല ഏറ്റെടുത്തതിന്റെയും ചുമതലാ കൈമാറ്റ റിപ്പോർട്ട് യഥാസമയം അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം, സഹകരണ സംഘം രജിസ്ട്രാർ എന്നിവർക്ക് കൃത്യമായി അയയ്ക്കേണ്ടതാണ്.

(ഒപ്പ്),
സി.എം. അജേയ്യമോഹൻ,
അഡീഷണൽ രജിസ്ട്രാർ (ജനറൽ)

വ്യക്തിക്ക്: (നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖേന)

പകർപ്പ്:-

1) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ഗവൺമെന്റ് സെക്രട്ടറി, സഹകരണ (എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
4) ജോയിന്റ് രജിസ്ട്രാർ (ജനറൽ), എറണാകുളം
5) പ്രസിഡന്റ്, പെരുമ്പാവൂർ ഗവൺമെന്റ് സർവ്വന്റ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 131
6) പ്രസിഡന്റ്, അയിരൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2237
7) ജില്ലാ ട്രഷറി ആഫീസർ, എറണാകുളം
8) സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.ബി)